(സി) ഇത്തരം ആക്രമണങ്ങളിൽനിന്നും പ്രസ്തുത സ്ഥലങ്ങളെയും അവിടത്തെ നിവാസികളെയും രക്ഷപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 677.

(ബി) ഇത്തരം പരാതികൾ ബന്ധപ്പെട്ട ഫോറസ്റ്റ് കൺസർവേറ്റർ, വൈൽഡ് ലൈഫ് വാർഡന്മാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ചാഫീസർമാർ മുഖേനയും വില്ലേജ് ഓഫീസർമാർ മുഖേനയും അന്വേഷണം നടത്തി അർഹതപ്പെട്ട കേസ്സുകളിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണം നിരന്തരമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കൃഷിസ്ഥലങ്ങൾക്ക് ചുറ്റും കിടങ്ങുകൾ കുഴിച്ചും, വേലികൾ കെട്ടിയും, വൈദ്യുതി കമ്പിവേലി നിർമ്മിക്കുകയും ചെയ്ത് വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ശാശ്വത പരിഹാരം ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഫോറസ്റ്റ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്ന നടപടി

92 [4835] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേലംപാടി പഞ്ചായത്തിലുള്ള പരപ്പ-മയ്യള, അഷൂർ-ചാമക്കൊച്ചി ഫോറസ്റ്റ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അഷൂർ-ചാമക്കൊച്ചി ഫോറസ്റ്റ് റോഡ് ഈ സാമ്പത്തിക വർഷത്തിൽ ജോലി നിർവ്വഹിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു.

മണലാർ, കുംഭാവുരുട്ടി എന്നീ പ്രദേശങ്ങളെ ഉരുൾപ്പൊട്ടലിൽനിന്നും സംരക്ഷിക്കുന്നതിന് പദ്ധതി

93 [4836] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഡി. സുഗതൻ:
,, ഇ. എം. അഗസ്തി:
,, എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അച്ചൻകോവിലിലെ വിനോദ സഞ്ചാരികളുടെ ആകർഷണകേന്ദ്രമായ വന പ്രദേശത്ത് സ്ഥിതിചെയ്യുന്ന മണലാർ, കുംഭാവുരുട്ടി എന്നീ പ്രദേശങ്ങൾ ഉരുൾപൊട്ടലിനെ തുടർന്ന് നാശത്തെ നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, മുൻകാലങ്ങളെപ്പോലെ ആകർഷക മാക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ട്രെക്ക് പാത്തുകളുടെ നവീകരണം, ഏറുമാടങ്ങൾ, ടെന്റഡ് അക്കോമ ഡേഷൻ സൗകര്യങ്ങൾ, ഗൈഡ്സ് സൗകര്യങ്ങൾ, നേച്ചർ ക്യാമ്പുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽനിന്നും തമിഴ്നാട്ടിലെ ദേവസ്വത്തിനും മറ്റുള്ളവർക്കും നടത്തിയ മരം വിൽപ്പന

94 [4839] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വനങ്ങളിൽനിന്നും തമിഴ്നാട്ടിലെ ഏതെങ്കിലും ദേവസ്വത്തിനോ മറ്റാർക്കെങ്കിലുമോ മരം വിൽപ്പന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ആർക്കാണെന്നും ഏതെല്ലാം മരങ്ങളാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ തരം മരവും എത്രവീതമാണ് വില്പന നടത്തിയത് എന്നും, മൊത്തം എന്തു തുകയ്ക്കാണ് വില്പന നടത്തിയതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത വില്പന നടത്തിയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ വില്പന നടത്തിയ മരങ്ങൾ എന്ന് മുതലാണ് മുറിച്ചു മാറ്റാൻ തുടങ്ങിയത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വനങ്ങളിൽനിന്നും തമിഴ്നാട്ടിലെ ദേവസ്വത്തിനോ മറ്റ് ആളുകൾക്കോ മരം വില്പന നടത്തിയിട്ടില്ല. എന്നാൽ, കണ്ണൂർ, കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങൾക്ക് കൊടിമരം ആവശ്യത്തിനായി കണ്ണൂർ ജില്ലയിലെ കണ്ണവം റെയിഞ്ചിലെ നെടുംപൊയിൽ എന്ന സ്ഥലത്ത് 1941 തേക്ക് തോട്ടത്തിൽനിന്നും 3 തേക്ക് മരങ്ങൾ വില്പന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly